വ്യവസായബന്ധ സമിതികൾ

240 [262] ശ്രീ. ഒ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ഏതെല്ലാം വ്യവസായ മേഖലകളിലാണ് ഇപ്പോൾ വ്യവസായ ബന്ധ സമിതികൾ ഉള്ളത്;

(ബി) പുതിയ ഏതെങ്കിലും വ്യവസായ മേഖലയിൽ വ്യവസായ ബന്ധ സമിതികൾ രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) നിലവിലുള്ള സമിതികളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ വല്ല നിർദ്ദേശങ്ങളും സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) ഇപ്പോൾ നിലവിലുള്ള വ്യവസായബന്ധസമിതികൾ താഴെ പറയുന്നവയാണ്.

1. കയർ വ്യവസായബന്ധ സമിതി
2. കൂട്ടുനാട് കാർഷിക മേഖല വ്യവസായബന്ധസമിതി
3. ടെക്സ്റ്റൈയിൽ വ്യവസായബന്ധസമിതി
4. പാലക്കാട് കാർഷികമേഖല വ്യവസായബന്ധ സമിതി
5. ട്രെപ്പാർട്ടൈറ്റ് കമ്മിറ്റി ഫോർ കാർഷികം പ്ലാന്റേഷൻസ്
6. വർക്കിംഗ് ജേർണലിസ്റ്റുകൾക്കുള്ള വ്യവസായബന്ധ സമിതി
7. നോൺ-ജേർണലിസ്റ്റുകൾക്കുള്ള വ്യവസായബന്ധ സമിതി
8. ചെത്ത് തൊഴിലാളികൾക്കുള്ള വ്യവസായബന്ധ സമിതി
9. കശുവണ്ടി വ്യവസായബന്ധ സമിതി

പുനഃസംഘടിപ്പിക്കുന്നതിന് സർക്കാരിന്റെ പരിഗണനയിലുള്ള വ്യവസായ ബന്ധ സമിതികൾ:

1. ബീഡി സിഗാർ വ്യവസായബന്ധ സമിതി
2. ഇടമലയാർ വ്യവസായബന്ധ സമിതി
3. ടൈൽ വ്യവസായബന്ധ സമിതി
4. ആലപ്പുഴ തുറമുഖ വ്യവസായബന്ധ സമിതി
5. മോട്ടോർ ട്രാൻസ്പോർട്ട് വ്യവസായബന്ധ സമിതി
6. ഈകൽ റെമ്യൂനറേഷൻ അഡ്വൈസറി കമ്മിറ്റി

(ബി) ലിക്കർ ട്രേഡിംഗ് ആൻഡ് ലിക്കർ വെൻഡിംഗ് വ്യവസായത്തിലും (മദ്യ വ്യവസായം) ടിമ്പർ പ്രൊഡക്ഷൻ വ്യവസായത്തിലും വ്യവസായബന്ധ സമിതി രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly